# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1003 05.03.2020 ൽ മറുപടിക്ക്

ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2019-20 സാമ്പത്തികവർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) & (ബി) & (സി) തുളസിമുക്ക് - പാങ്ങാലകോഡ് റോഡ് പ്രവൃത്തിക്ക് 15-11-2019-ലെ സ.ഉ(സാധ) നം.1333/2019/പൊ.മ.വ പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ സാങ്കേതികാനുമതി നടപടികളിലാണ്. |
| (ബി) പ്രത്യേക ഭരണാനുമതി ലഭ്യമല്ലാത്ത കാരണത്താൽ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; | കരിങ്ങന്നൂർ - വട്ടപ്പാറ-മുളയറക്കൽ റോഡ്, ഓയൂർ-അമ്പലംകുന്ന് കൈതയിൽ-വാപ്പാല റോഡ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും 13-11-2019-ലെ 1257035/Ind&PWB1/19 പ്രകാരം ധനകാര്യ വകുപ്പ് അനുമതി നിഷേധിച്ചതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. ആയതിനാൽ ഈ രണ്ട് പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| (സി) ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ